**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "പൊന്നാനി ഈഴവത്തിരുത്തി സമഗ്ര റോഡ് വികസന പാക്കേജ് " നടപ്പിലാക്കുന്നതിന് പൊന്നാനി നഗരസഭയ്ക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.168/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 26/01/2019

---

പരാമർശം :- ബഹു.കേരള നിയസഭ സ്പീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 16.12.2018 കത്ത്.

**ഉത്തരവ്**

2018-19 ലെ ബഡ്ജറ്റിൽ (അനുബന്ധം-II- ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) "പൊന്നാനി ഈഴവത്തിരുത്തി സമഗ്ര റോഡ് വികസന പാക്കേജ്" എന്ന 25 കോടിയുടെ പ്രത്യേക പാക്കേജ് അനുവദിക്കുകയും അടങ്കൽ തുകയുടെ 20 ശതമാനമായ 5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

2. പൊന്നാനി നിയോജകമണ്ഡലത്തിലെ പൊന്നാനി നഗരസഭാ പരിധിയിൽപ്പെടുന്നതും വർഷത്തിൽ ഭൂരിപക്ഷം ദിവസങ്ങളിലും വെള്ളക്കെട്ടിൽ കഴിയുന്നതുമായ ഈഴവത്തിരുത്തിയിൽ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനും നിലവിലുള്ളവ മഴക്കാലത്തും സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ടി പാക്കേജ്. പൊന്നാനി നഗരസഭ മുഖേന പ്രസ്തുത പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു. കേരള നിയമസഭ സ്പീക്കർ പരാമർശ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.. 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള (അനുബന്ധം-II- ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) "പൊന്നാനി ഈഴവത്തിരുത്തി സമഗ്ര റോഡ് വികസന പാക്കേജ്" നടപ്പിലാക്കുന്നതിന് പൊന്നാനി നഗരസഭയ്ക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ, പൊന്നാനി നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പൊന്നാനി നഗരസഭ.

ധനകാര്യ വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.കേരള നിയമസഭ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്